**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **19-09-2025 - ൽ മറുപടിയ്ക്ക്**

**പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമിയുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ പട്ടയമുടമകൾ വിനിയോഗിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തൊട്ടാകെയും, പ്രത്യേകിച്ച് പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ കൂടുതലായും, കാർഷികാവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമികൾ നിർദിഷ്ട ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിനിയോഗമാറ്റം നിയന്ത്രിയ്ക്കുന്നത് സംബന്ധിച്ച ബഹു. കേരള ഹൈക്കോടതി വിവിധ കേസുകളിലായി ധാരാളം വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | പട്ടയ ഭൂമിയിൽ ജീവനോപാധികൾക്കായി നടത്തിയ ചെറു നിർമ്മാണങ്ങളും വകമാറ്റിയുള്ള ഉപയോഗവും ക്രമീകരിച്ച് നൽകേണ്ട ആവശ്യം വിലയിരുത്തിയിട്ടുണ്ടോ; ഇതിനാവശ്യമായ ചട്ടങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | പട്ടയഭൂമിയിൽ ജീവോപാധികൾക്കായി നടത്തിയ ചെറു നിർമ്മാണങ്ങളും വകമാറ്റിയുള്ള ഉപയോഗവും ക്രമീകരിച്ച് നൽകേണ്ട ആവശ്യം വിലയിരുത്തിയിട്ടുള്ളതും അത്തരം നടപടികളുടെ ഭാഗമായി 22.08.2019 ൽ ജി.ഒ (എം.എസ്) 269/2019/ആർ.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിന് ടി ഉത്തരവ് അപര്യാപ്തമാണെന്ന് കണ്ടതിനാൽ ഇത്തരം വകമാറ്റിയിട്ടുള്ള വിനിയോഗം ക്രമവത്കരിയ്ക്കുന്നതിനായി, 1960 ലെ കേരള ഭൂമി പതിവു നിയമത്തിൽ ഭേദഗതി വരുത്തി 4 A എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തു . “ 2023 ലെ കേരളാ ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി ) ആക്ട് " പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ 4 A (1 ) വകുപ്പ് പ്രകാരം പതിച്ചുകൊടുത്ത ഭൂമി , പതിച്ചുകൊടുത്ത ആവശ്യത്തിനല്ലാതെ വിനിയോഗിക്കുന്നത് മൂലമുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നല്കാൻ സർക്കാറിന് അധികാരം ലഭിച്ചു . 4 A (2 ) പ്രകാരം നിയമം വരുന്ന തീയ്യതിയിൽ കൈവശമുള്ള പട്ടയഭൂമിയിൽ പുതിയ നിർമ്മാണം അനുവദിക്കാനുള്ള അധികാരവും സർക്കാറിന് ലഭിച്ചിട്ടുണ്ട്. 4 A (1 ) |

| | | | |
|---|---|---|---|
| | | | വകുപ്പിനനുസൃതമായ ചട്ടത്തിന് മന്ത്രിസഭ അംഗീകാരം നൽകുകയും 16/ 09/ 2025 ൽ സബ്ജക്റ്റ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പട്ടയഭൂമിയിലെ ഇത്തരത്തിലുള്ള ഉപയോഗം ക്രമീകരിക്കുന്നതിന് നിശ്ചിത കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും എങ്കിൽ നിശ്ചിത കാലപരിധിക്ക് ശേഷമുള്ള നിർമ്മാണം ക്രമീകരിക്കുന്നതിന് സൗകര്യമൊരുക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | കാലപരിധി നിശ്ചയിച്ചിട്ടുള്ളതാണ്. പട്ടയം അനുവദിച്ച നിർദ്ദിഷ്ട ആവശ്യത്തിൽ നിന്നും വകമാറ്റിയുള്ള ഉപയോഗം ക്രമവത്കരിയ്ക്കുന്നത് സംബന്ധിച്ച് കേരള ഭൂമി പതിവ് (ഭേദഗതി) നിയമത്തിന്റെ [ആക്റ്റ് 10 (2024)] പ്രാബല്യത്തീയ്യതിയായ 2024 ജൂൺ 7 വരെ നടത്തിയിട്ടുള്ള വിനിയോഗമാറ്റങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവത്കരിച്ചു നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ